imma™

# Metro Vaartha

## Sobha developers get 13 awards last year

Date: 07-01-2011 | Edition: Kochi | Page: 11 | Source: Bureau | Clip size (cm): W: 6 H: 23



### ശോഭ ഡവലപ്പേഴ്സിനു കഴിഞ്ഞവർഷം 13 പുരസ്കാരങ്ങൾ

കൊച്ചി

ശോഭ ഡവലപ്പേഴ്സിന് 2010 അംഗീകാരങ്ങളുടെയും പുരസ്കാരങ്ങളുടെയും വർഷമെന്നു കമ്പനി. പതിമൂന്ന് പുരസ്കാരങ്ങളാണു പോയ വർഷം ശോഭ ഡവലപ്പേഴ്സിനു ലഭിച്ചത്. നിർമാണ രംഗത്തെ മികവിനും സുരക്ഷാസംവിധാനങ്ങളിലെ മേന്മയ്ക്കുമെല്ലാമുള്ള അംഗീകാരങ്ങൾ ഇതിൽപ്പെടും.

പൂന ഹിൻജേവാഡിയിൽ ഇൻഫോസിസ് ടെക്നോളജീസിനു വേണ്ടി ശോഭ നിർമിച്ച ഫുഡ് കോർട്ട് മന്ദിരത്തിനു ബിൽഡേഴ്സ് അസോസിയേഷൻ ഒഫ് ഇന്ത്യയുടെ ബെസ്റ്റ് ഓഫ് ദി ബെസ്റ്റ് അവാർഡ് ലഭിച്ചത് ഡിസംബറിൽ. നവംബറിൽ ഇന്റീരിയർ ഡിസൈനിലെ മികവിന് ഇക്കണോമിക് ടൈംസിന്റെ ഏയ്സ്ടെക് അവാർഡ് ഫോർ എക്സലൻസ് ലഭിച്ചു.

ആർക്കിടെക്ചർ + ഡിസൈൻ മാഗസിനും സ്പെക്ട്രം ഫൗണ്ടേഷനും ഏർപ്പെടുത്തിയ പുരസ്കാരം, ബേയർ ടെക്നോളജീസ് സർവീസസ്, കൺസ്ട്രക്ഷൻ സോഴ്സ് ഇന്ത്യ, ലീഡ് ഒഫ് അമേരിക്കൻ കമ്യൂണിക്കേഷൻസ് പ്രൊഫഷണൽസ്, കൺസ്ട്രക്ഷൻ വേൾഡ്, ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ പുരസ്കാരങ്ങളും ശോഭയ്ക്കു ലഭിച്ചു.